അന്യസംസ്ഥാന ലോട്ടറി വിതരണക്കാർക്കെതിരെ നൽകിയ പരാതികൾ

195 (262) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറി വിതരണക്കാരുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാന ലോട്ടറി വിതരണക്കാർക്കെതിരെ കേരളം കേന്ദ്ര സർക്കാരിന് ഇതിനകം എത്ര പരാതികൾ നൽകിയിട്ടുണ്ട് ;

(സി) ഈ പരാതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പരാതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) ലോട്ടറിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) 18 പരാതികൾ നൽകിയിട്ടുണ്ട്.

(സി) അന്യസംസ്ഥാന ലോട്ടറികൾ കേന്ദ്ര ലോട്ടറീസ് റെഗുലേഷൻ ചട്ടം 2010-ലെ റൂൾ 3(3), 3(14), 3(5), 3(12) ലംഘിക്കുന്നതായും കേന്ദ്ര ലോട്ടറീസ് റെഗുലേഷൻ ആക്ട് 1998-ലെ സെക്ഷൻ 4-നും വിരുദ്ധമായി പ്രവർത്തിക്കുന്നതായും കണ്ടെത്തിയതിനെത്തുടർന്ന് അന്യസംസ്ഥാന ലോട്ടറികളെ നിരോധിക്കുന്നതിന് നിരവധി കത്തുകൾ മുഖേന സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

ലോട്ടറി മാഫിയയുടെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷണം

196 (263) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി മാഫിയയുടെ പ്രവർത്തനത്തെക്കുറിച്ച് സി.ബി.ഐ.യുടെ അന്വേഷണം വേണമെന്ന് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശവും ഇതിനായി കത്ത് കൊടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പിയും ലഭ്യമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നുമുതലുള്ള ലോട്ടറി കേസ് അഴിമതി സി.ബി.ഐ. അന്വേഷിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഏതെല്ലാം അന്യസംസ്ഥാനത്തെ ലോട്ടറികളാണ് കേരളത്തിൽ വിറ്റഴിക്കുന്നത് ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കേരളത്തിന്റെ എത്ര ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കുന്നുണ്ട് ; ഇവ ഓരോന്നിന്റെയും നറുക്കെടുപ്പ് കാലാവധി, സമ്മാനത്തുക, ലോട്ടറി ടിക്കറ്റിന്റെ വില മുതലായ പൂർണ്ണ വിവരങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് മുഖ്യമന്ത്രി 29-11-2010-ന് അയച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) 2005-ലെ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ടിൻ കീഴിൽ നിലവിൽ അന്യസംസ്ഥാന ലോട്ടറികളിൽ ഒന്നിൽ നിന്നും അഡ്വാൻസ് നികുതി സ്വീകരിക്കുന്നില്ല. അഡ്വാൻസ് നികുതി അടയ്ക്കാത്ത ലോട്ടറികൾ കേരളത്തിൽ നിയമപരമായി വില്പന നടത്താൻ പാടുള്ളതല്ല.

(ഡി) നിലവിൽ കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ "വിൻ വിൻ" പ്രതിവാര ഭാഗ്യക്കുറിയും, ഒരു വർഷം 6 ബമ്പർ ഭാഗ്യക്കുറികളുമാണ് സംസ്ഥാനത്ത് വിൽക്കുന്നത്. വിൻ വിൻ പ്രതിവാര ഭാഗ്യക്കുറി ആഴ്ചതോറും നറുക്കെടുപ്പ് നടത്തുന്നു. ബമ്പർ ഭാഗ്യക്കുറികൾ രണ്ട് മാസത്തിലൊരിക്കൽ വീതം നറുക്കെടുപ്പ് നടത്തുന്നു. 40 ലക്ഷം രൂപയും, 50 പവനുമാണ് ഒന്നാം സമ്മാനമായി വിൻ വിൻ പ്രതിവാര ഭാഗ്യക്കുറിക്ക് നൽകുന്നത്. ടിക്കറ്റ് മുഖവില 20 രൂപ. ബമ്പർ ഭാഗ്യക്കുറികൾക്ക് വ്യത്യസ്ത സമ്മാന ഘടനയാണ് അവലംബിക്കുന്നത്. ഇപ്പോൾ വിറ്റുവരുന്ന ക്രിസ്തുമസ്, ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം 2 കോടി രൂപയും, 1 കിലോ തങ്കവുമാണ്. ടിക്കറ്റ് വില 100 രൂപയുമാണ്.

ഭൂട്ടാൻ ലോട്ടറി വില്പന

197 (264) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപത്തഞ്ച് ശതമാനം കമ്മീഷൻ വ്യവസ്ഥയിൽ ഭൂട്ടാൻ ലോട്ടറി സംസ്ഥാന സർക്കാർ നേരിട്ട് വിൽക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഈ തീരുമാനം പ്രഖ്യാപിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു ;

(സി) ഇതു സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടിരുന്നുവോ ;

(ഡി) പ്രസ്തുത വിഷയം ക്യാബിനറ്റിന്റെ ചർച്ചയ്ക്ക് വരികയുണ്ടായോ ; എങ്കിൽ എന്നാണ് ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly